**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191** **01-09-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഭക്ഷ്യഭദ്രത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ ഭക്ഷ്യഭദ്രത നിയമത്തിലൂടെ സംസ്ഥാനത്തെ റേഷൻ വിതരണം കേവലം 43 ശതമാനം പേർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് സംസ്ഥാനത്തിന്റെ ഭക്ഷ്യഭദ്രതയ്ക്ക് ഭീഷണിയായതിനാൽ അർഹരായ എല്ലാവർക്കും റേഷൻ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതുസംബന്ധിച്ച് പ്രതികരണം ലഭ്യമായിട്ടുണ്ടോ; | (എ) | ഉണ്ട്. 2011ലെ സെൻസസ് ഡേറ്റയെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങളുടെ നിലവിലെ മുൻഗണനാ പരിധി നിശ്ചയിച്ചിട്ടുള്ളത്. അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധിയിൽ മാറ്റം വരുത്തുന്നത് പരിഗണിക്കാനാകൂ എന്നും ഒരു സംസ്ഥാനത്തിനു മാത്രമായി മാനദണ്ഡത്തിൽ ഇളവനുവദിക്കാൻ കഴിയില്ലെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | റേഷൻ മുൻഗണന വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ യെല്ലോ ആരംഭിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി വിതരണം ചെയ്ത കാർഡുകളുടെ എണ്ണം അറിയിക്കാമോ? | (ബി) | **ഓപ്പറേഷൻ യെല്ലോ** നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 259207 റേഷൻകാർഡുകൾ പുതുതായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ